പത്രക്കുറിപ്പ്
26/11/2018

## ഉത്പാദകർക്കും ഉപഭോക്താക്കൾക്കും തുണയായി കുടുംബശ്രീയുടെ മാസച്ചന്തകൾ; ഈ വർഷം ഇതുവരെ വിറ്റുവരവ് 2 കോടിയിലേറെ

*** 753 മാസച്ചന്തകൾ സംഘടിപ്പിച്ചു**

തിരുവനന്തപുരം: കുടുംബശ്രീ സംരംഭകരുടെ ഉത്പന്നങ്ങളുടെ വിപണനം സുഗമമാക്കുന്നത് ലക്ഷ്യമിട്ട് കുടുംബശ്രീ തുടക്കമിട്ട മാസച്ചന്തകൾ വഴി ഈ സാമ്പത്തിക വർഷം ഇതുവരെ 2.15 കോടി രൂപയുടെ വിറ്റുവരവ്. നിലവിലുള്ളതും പുതുതായി തുടങ്ങിയതുമായ കുടുംബശ്രീ സംരംഭങ്ങളുടെ ഉത്പന്നങ്ങൾക്ക് സ്ഥിര വിപണി സാധ്യമാക്കുന്നതിനൊപ്പം ഉപഭോക്താക്കൾക്ക് മികച്ച നിലവാരത്തിലുള്ള ഉത്പന്നങ്ങൾ ഉത്പാദകരിൽ നിന്ന് നേരിട്ട് തന്നെ വാങ്ങാനുള്ള അവസരവുമാണ് മാസച്ചന്തകൾ നൽകുന്നത്. 753 മാസച്ചന്തകളാണ് ഇതുവരെ സംഘടിപ്പിച്ചത്. 1500ലേറെ സൂക്ഷ്മ സംരംഭകർ മാസച്ചന്തകളിൽ പങ്കെടുത്ത് തങ്ങളുടെ ഉത്പന്നങ്ങൾ ഉപഭോക്താക്കളിലേക്കെത്തിച്ചു.

ഗ്രാമപ്രദേശങ്ങളിൽ ബ്ലോക്ക് അടിസ്ഥാനത്തിലാണ് ഓരോ ജില്ലയിലും മാസച്ചന്തകൾ സംഘടിപ്പിക്കുന്നത്. 152 ബ്ലോക്കുകൾക്ക് പുറമെ എല്ലാ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും മാസച്ചന്തകൾ സ്ഥിരമായി സംഘടിപ്പിക്കുകയാണ് കുടുംബശ്രീയുടെ ലക്ഷ്യം. ഈ വർഷം ജൂലൈ മുതലാണ് നഗര പ്രദേശങ്ങളിൽ മാസച്ചന്തകൾ സംഘടിപ്പിച്ച് തുടങ്ങിയത്. തെരഞ്ഞെടുക്കപ്പെട്ട ഓരോ സിഡിഎസുകൾക്കാണ് (കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾ) അതാത് ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ എന്നിവിടങ്ങളിൽ മാസച്ചന്തകൾ സംഘടിപ്പിക്കാനുള്ള ചുമതല. സംഘാടനത്തിന്റെ മേൽനോട്ടം കുടുംബശ്രീ ജില്ലാ മിഷനുകൾക്കും.

ഓരോ ബ്ലോക്കിനും നഗരഭരണ പ്രദേശത്തിനും കീഴിലുള്ള എല്ലാ സിഡിഎസുകളിലെയും സംരംഭകരുടെ സാന്നിധ്യം മാസച്ചന്തകളിൽ ഉറപ്പാക്കുന്നു. മാസച്ചന്തകളിൽ പങ്കെടുക്കാൻ താത്പര്യമുള്ള സംരംഭകരുടെ വിവരങ്ങൾ സിഡിഎസ് ശേഖരിക്കും. പുതുതായി ആരംഭിച്ചതും ലാഭത്തിലേക്ക് എത്തുവാൻ ബുദ്ധിമുട്ടുന്നതുമായ സംരംഭകർക്ക് മുൻഗണന നൽകുന്നു. ഓരോ ബ്ലോക്കിലും ഉപഭോക്താക്കൾ കൂടുതലായി എത്താൻ സാധ്യതയുള്ള ഇടങ്ങളിൽ എല്ലാ മാസവും നിശ്ചിത തിയതികളിലാണ് മാസച്ചന്തകൾ സംഘടിപ്പിക്കുന്നത്. ഒരു മാസച്ചന്തയുടെ കാലയളവ് മൂന്ന് ദിവസം മുതൽ അഞ്ച് ദിവസം വരെയാണ്.

| ജില്ല | സംഘടിപ്പിച്ച മാസച്ചന്തകൾ | പങ്കെടുത്ത യൂണിറ്റുകൾ (ആകെ, ആവർത്തിക്കുന്നു*) | വിറ്റുവരവ് (രൂപയിൽ) |
|---|---|---|---|
| തിരുവനന്തപുരം | 52 | 864 | 2387723 |
| കൊല്ലം | 29 | 293 | 1162463 |
| പത്തനംതിട്ട | 38 | 167 | 751615 |

| | | | |
|---|---|---|---|
| ആലപ്പുഴ | 67 | 365 | 540516 |
| കോട്ടയം | 72 | 672 | 1315087 |
| ഇടുക്കി | 30 | 124 | 397226 |
| എറണാകുളം | 67 | 642 | 2360393 |
| തൃശ്ശൂർ | 118 | 849 | 2464344 |
| പാലക്കാട് | 79 | 468 | 5270261 |
| മലപ്പുറം | 75 | 713 | 1494525 |
| കോഴിക്കോട് | 59 | 581 | 1165212 |
| വയനാട് | 21 | 357 | 1119587 |
| കണ്ണൂർ | 35 | 232 | 563246 |
| കാസർഗോഡ് | 11 | 241 | 522264 |
| ആകെ | 753 | 6568 | 2,15,14,462 |

*ഒരു മാസച്ചന്തയിൽ പങ്കെടുക്കുന്ന അതേ സംരംഭകർ തന്നെ തൊട്ടടുത്ത മാസത്തെ മാസച്ചന്ത യിലും പങ്കെടുക്കുന്നു. അതിനാൽ യൂണിറ്റുകളുടെ എണ്ണം ആകെ എടുക്കുമ്പോൾ പല യൂണിറ്റു കളും ആവർത്തിച്ചു വരുന്നു.

എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ